പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1778 **26-10-2026-ൽ മറുപടിയ്ക്ക്**

മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. റെജി ചെറിയാൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) കൂട്ടനാട് നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും നിർമ്മാണ പ്രവർത്തനം തടസ്സപ്പെടാനുള്ള കാരണവും അതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

മറുപടി: പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.

(ബി) മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി സർക്കാർ തുടരുന്നുണ്ടോ; എങ്കിൽ ശിപാർശ സമർപ്പിക്കേണ്ട കാലയളവും പദ്ധതിയിലേക്ക് റോഡുകൾ തെരഞ്ഞെടുക്കാൻ സ്വീകരിക്കുന്ന മാനദണ്ഡവും വിശദമാക്കാമോ?

മറുപടി: ഉണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള 29.11.2024 ലെ DB2/392/2024-LSGD-Part(1) നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

LA QUESTION NO. 1778

Sl No. in AS	AS	LAC	BP in which the Implementing GP belongs	LB Name	Name of work	AS amount in Lakhs	Present status	Proposed road surface	Current Remarks
					നിർവ്വഹണതടസ്സമുള്ള പ്രവൃത്തികൾ				
4178	AS11	Kuttanad	Champakkulam BP	Chambakkulam GP	ഒന്നാംകര എം.സി.റോഡ് ശ്രീ.സുബ്രമണ്യസ്വാമി ക്ഷേത്രം വരെ റോഡ് കോൺക്രീറ്റ്	₹45.00	Name change required		Name to be changed as Onnamkarachira Vilakkumaram Jetti Kshethram road. Necessary action initiated from this office.
4176	AS11	Kuttanad	Champakkulam BP	Edathua GP	മൂലേപാലം മുതൽ പുത്തൻപറമ്പ് കലുങ്ക് വരെ റോഡ് (രണ്ട് റീച്ച്)	₹45.00	Name change required	Interlock tile	It is mentioned as 2 reach in AS. Amount insufficient for doing 2 reach. MLA recommendation received on 23/10/2026.
4149	AS5	Kuttanad	Champakkulam BP	Kainakari GP	കൈനകരി കോയിക്കോട് പാലം മുതൽ അക്കരക്കളം വരെ റോഡ് കോൺക്രീറ്റിംഗ്	₹45.00	Name change required		Work belongs to Nedumudy GP. Name of grama panchayath and work name need to be changed. Report submitted to Govt. vide letter No. LSGD/PD/10264/2026-EW1, Dated: 13.10.2026
4179	AS1	Kuttanad	Champakkulam BP	Nedumudi GP	എസ്.എൻ.ഡി.പി ജംഗ്ഷൻ മുതൽ കട്ടത്തറ – 130 ൽ ചിറ വരെ റോഡ്.	₹45.00	Land issues		Land availability issue
1650	AS1	Kuttanad	Veliyanad BP	Kavalam GP	രാജപുരം റോഡിൽ നിന്നും കറുകപ്പാടം പരുത്തുപാലൻ ചിറ വരെ റോഡ് (വാർഡ്- 1)	₹24.00	Not in asset register		AS issued for road work currently not in asset register and it has not been entered in proforma 1291.Land Relinquishment forms given to village office . Land conversion from wet to dry also required. letter given to pancahayath committee on 26/09/25 to suggest any other road as per the instruction from MLA. But the committee is not willing to suggest another road.

LA QUESTION NO. 1778

Sl No. in AS	AS	LAC	BP in which the Implementing GP belongs	LB Name	Name of work	AS amount in Lakhs	Present status	Proposed road surface	Current Remarks
1279	AS1	Kuttanad	Veliyanad BP	Neelamperoor GP	കണിയാന്തറ നഗർ മുതൽ 19 ൽ ചിറ വരെ റോഡ് നിർമ്മാണം (വാർഡ് - 7)	₹30.00	To be dropped		Land not available for the proposed work. Panchayath Committee resolution received to drop the work and take new project. MLA Recommendation received to Drop. Necessary action initiated from this office.
412	AS1	Kuttanad	Veliyanad BP	Neelamperoor GP	നാരകത്തറ മൂക്കോടി കിളിയങ്കാവ് ബോട്ട് ജെട്ടി റോഡ് നിർമ്മാണം (വാർഡ് - 9)	₹45.00	To be dropped		Land not available for the proposed work. Panchayath Committee resolution received to drop the work and take new project. MLA Recommendation received to Drop. Necessary action initiated from this office.
നിർവ്വഹണം പുരോഗമിക്കുന്ന പ്രവൃത്തികൾ									
609	AS1	Kuttanad	Champakkulam BP	Chambakkulam GP	60ൽ ചിറ മുതൽ പുത്തറ പാലം വരെ റോഡ് വാർഡ് -13	₹45.00	Work started	Concrete	Initial levels reported. The route towards the site is damaged seriously due to pipe laying of jal jeevan mission and also due to the flood. For conveying materials to the site, a maintenance work is allotted by panchayath in this route. Also a culvert construction is ongoing on the road. The work can be started after the completion of road maintenance work and culvert construction.
1603	AS1	Kuttanad	Champakkulam BP	Chambakkulam GP	എസി റോഡിലെ പി കൃഷ്ണപിള്ള സ്മാരക ഓഡിറ്റോറിയത്തിന് കിഴക്ക് ഭാഗത്തുനിന്നും ആറ്റു തീരത്തേക്കുള്ള റോഡ് (വാർഡ്-1)	₹27.82	Site handed over	Concrete	Agreement executed on 3/8/26.Site handed over

LA QUESTION NO. 1778

Sl No. in AS	AS	LAC	BP in which the Implementing GP belongs	LB Name	Name of work	AS amount in Lakhs	Present status	Proposed road surface	Current Remarks
3437	AS1	Kuttanad	Champakkulam BP	Kainakari GP	മനവേലി തോടിന് വടക്കേക്കരയിൽ പടിഞ്ഞാറ് ഭാഗത്തേക്ക് കായൽച്ചിറ ബോട്ട് ജെട്ടി വരെ റോഡ്. വാർഡ് 13	₹21.00	Work started	Gravel filling	RE prepared for balance amount .part bill under scrutiny
371	AS1	Kuttanad	Champakkulam BP	Kainakari GP	റോഡ്.(വാർഡ് -2) LRRP 2024-25 KUTTANAD LAC- Srl. THOMAS . K. THOMAS MLA (Sl no 371) WEST OF CHERUKALIKKAYAL-ROAD FROM UMBIKKARAM BRIDGE TO NORTH IN KAINAKARY GP WARD 2 CHAMPAKKULAM	₹28.23	Work started	Concrete	initial levels reported and gravel filling completed but quantity not achieved as per levels
1018	AS1	Kuttanad	Champakkulam BP	Nedumudi GP	വിളക്കുമരം ബോട്ട് ജെട്ടി മുതൽ വടക്കുഭാഗത്തേക്ക് നാലുതിൽ ചിറ ബോട്ട് ജെട്ടി വരെയുള്ള ആറ്റുതീരം റോഡ് (വാർഡ്-3)	₹45.00	Work 25% completed	Concrete	retaining wall construction on going
2153	AS1	Kuttanad	Harippad BP	Veeyapuram GP	പ്രയാട്ടേരിൽ മണിയങ്കേരിൽ റോഡ് (വാർഡ്-13)	₹50.00	Site handed over	Tarring	Agreement executed, Bund road, Work not started due to flooding. Expect to start by Nov 1st
4148	AS5	Kuttanad	Veliyanad BP	Neelamperoor GP	നീലംപേരൂർ പഞ്ചായത്ത് വാർഡ് 5 പുഞ്ചിയിൽ അരിങ്ങളം റോഡ്	₹45.00	Work 75% completed	Concrete	work on going ,75% work completed, Part bill Submitted for Allotment 16.7.26
843	AS1	Kuttanad	Veliyanad BP	Pulimkunnu GP	എട്ടിൽ പാലം മുതൽ പിഡബ്ല്യുഡി റോഡ് വരെയുള്ള റോഡ് (വാർഡ് - 2)	₹45.00	Work started	Tarring	WMM work ongoing.
179	AS1	Kuttanad	Veliyanad BP	Pulimkunnu GP	വേണാട്ട് കാട് മുതൽ ആറ്റുപുറം വരെ റോഡ് (വാർഡ് - 1	₹30.00	Work started	Concrete	GSB laying completed. Road concreting pending

LA QUESTION NO. 1778

Sl No. in AS	AS	LAC	BP in which the Implementing GP belongs	LB Name	Name of work	AS amount in Lakhs	Present status	Proposed road surface	Current Remarks
1400	AS1	Kuttanad	Veliyanad BP	Veliyanad GP	എസ്എൻഡിപി സ്മശാനം മുതൽ കടത്തുകടവ് വരെയുള്ള റോഡ് (വാർഡ്- 11)	₹45.00	Work 50% completed	Concrete	Site handed over. Work ongoing. 53% work completed. Part Bill Returned for Correction
797	AS1	Kuttanad	Veliyanad BP	Veliyanad GP	കിഴക്കേപ്പുരക്കൽ മുട്ട് മുതൽ ആറ്റുകടവ് വരെയുള്ള റോഡ് (വാർഡ് - 11)	₹18.00	Work 25% completed	Concrete	Site handed over. Work ongoing
3459	AS1	Kuttanad	Veliyanad BP	Veliyanad GP	ഗ്രന്ഥ മന്ദിരം മുതൽ തെക്ക് ഭാഗത്തേക്ക് കളരിത്ര വരെ റോഡ് നിർമ്മാണം (വാർഡ്- 6)	₹30.00	Work 25% completed	Tarring	Site hand over. Retaining wall work completed. 40% work completed. Part Bill Paid
കരാറുടമ്പടിയുലേർപ്പെടാനുള്ള പ്രവൃത്തികൾ									
4147	AS5	Kuttanad	Harippad BP	Veeyapuram GP	വിയപുരം വാർഡ് 6 ചിറയിലപ്പടി മുതൽ കുന്നത്ര വരെ റോഡ്	₹45.00	SN issued	Tarring	Selection Notice issued
4175	AS11	Kuttanad	Champakkulam BP	Thakazhy GP	ചെമ്പുംതറ പാലം മുതൽ ശാന്തിഭവൻ ജെട്ടി വരെ	₹45.00	Estimate returned for correction	Tarring	Estimate returned for correction
4177	AS11	Kuttanad	Champakkulam BP	Thalavadi GP	അട്ടിയിൽപ്പടി സെന്റ്റ് സ്റ്റീഫൻസ് ചർച്ച റോഡ് നിർമ്മാണം	₹35.00	Estimate returned for correction	Concrete	Estimate returned for correction

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.DB2/392/2024-LSGD-Part(1)

തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്
dbdeptlsg@gmail.com
0471-2518083
തിരുവനന്തപുരം,
തീയതി: 29-11-2024

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള "തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1)ബഹു. ധനകാര്യ വകുപ്പ് മന്ത്രിയും ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയും സംയുക്തമായി 24.07.2024 & 14.10.2024 എന്നീ തീയതികളിൽ നടത്തിയ വകുപ്പുതലയോഗത്തിന്റെ തീരുമാനം

2)ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.11.2024-ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ വകുപ്പുതലയോഗതീരുമാനം

3)ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 28.11.2024-ന് ചേർന്ന വകുപ്പുതലയോഗതീരുമാനം

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ യുദ്ധാകാലാടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിനായി 2024-25 ലെ സംസ്ഥാന ബജറ്റിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണം സംബന്ധിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 24.07.2024 & 14.10.2024 എന്നീ തീയതികളിൽ ചേർന്ന യോഗതീരുമാനത്തിന്റെയും, ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.11.2024-ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗതീരുമാനത്തിന്റെയും 28.11.2024-ന് ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മേൽ പദ്ധതിയുടെ നിർവ്വഹണവുമായിബന്ധപ്പെട്ട ചുവടെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഓരോ നിയോജകമണ്ഡലത്തിലേയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന റോഡുകളുടെ പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ച നടത്തി, അനുവദിക്കേണ്ടുന്ന തുക സഹിതം മുൻഗണനാക്രമത്തിൽ തയ്യാറാക്കി എം.എൽ.എ.-മാർ ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതും പ്രവൃത്തികൾ ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചു

തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമാക്കുന്നതും തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതുമാണ്.

2) പുനരുദ്ധാരണത്തിനായി റോഡുകൾ തെരഞ്ഞെടുക്കുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. പ്രധാനറോഡുകളെ ബന്ധിപ്പിക്കുന്ന തദ്ദേശറോഡുകൾ, സ്കൂൾ, കോളേജ്, ആശുപത്രികൾ, ടൂറിസം മേഖലകൾ എന്നിവയെ ബന്ധിപ്പിക്കുന്ന റോഡുകൾ, ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ കുഴിക്കേണ്ടി വന്നതും പൂർവ്വസ്ഥിതിയിലാക്കാൻ ഫണ്ട് ഇല്ലാത്തതുമായ റോഡുകൾ എന്നിവയ്ക്ക് മുൻഗണന നൽകേണ്ടതാണ്.
2. കുറഞ്ഞത് 15 ലക്ഷം രൂപയുടെയും പരമാവധി 45 ലക്ഷം രൂപയുടെയും അടങ്കൽ തുക വരുന്ന പ്രവൃത്തികളാണ് ഏറ്റെടുക്കേണ്ടതാണ്.
3. ഒന്നിൽ കൂടുതൽ റോഡുകൾ സംയോജിപ്പിച്ച് ഒറ്റ പ്രവൃത്തിയാക്കാൻ പാടുള്ളതല്ല.
4. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നിർമ്മാണം/മെയിന്റനൻസ് ചെയതതും ബാധ്യത കാലയളവ് (defect liability period) ലുള്ളതുമായ റോഡുകൾ ഏറ്റെടുക്കാൻ പാടുള്ളതല്ല.
5. നിലവിൽ തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കുവാൻ പാടുള്ളൂ.
6. ഈ പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മറ്റു പദ്ധതികളുമായോ ഫണ്ടുകളുമായോ സംയോജിപ്പിക്കാൻ പാടില്ലാത്തതാണ്.

3) ഈ പദ്ധതിയിൻ കീഴിലെ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യാഗസ്ഥൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കും. ഒന്നിൽ കൂടുതൽ തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിലൂടെ കടന്ന് പോകുന്ന റോഡുകൾക്കും, ജില്ലാ പഞ്ചായത്ത് റോഡുകൾക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കുന്നതാണ്.

4) ഭരണാനുമതിപുറപ്പെടുവിക്കുന്നതിന്റെ ആവശ്യത്തിലേക്കായി ബന്ധപ്പെട്ട എം.എൽ.എ മാർ ആവശ്യപ്പെടുന്ന റോഡുകളുടെ Preliminary Estimate ബന്ധപ്പെട്ട എഞ്ചിനീയർമാർ തയ്യാറാക്കി ആയത് പ്രകാരമുള്ള തുക, ആസ്തി രജിസ്റ്റർ പ്രകാരമുള്ള പേര് എന്നിവ സഹിതം എം.എൽ.എ.മാർക്ക് ലഭ്യമാക്കേണ്ടതാണ്.

5) ഈ പദ്ധതിയുടെ കിഴിലുള്ള പ്രവൃത്തികൾക്ക് സർക്കാർ തലത്തിൽ അംഗീകാരം നൽകുന്നതിനാൽ D.P.C.-യുടെ അംഗീകാരം ആവശ്യമില്ല.

6) പദ്ധതിയുടെ ഓൺലൈൻ മോണിറ്ററിംഗ്/പെയ്മന്റ് തുടങ്ങിയവയ്ക്ക് P.M.S. Kerala-സോഫ്റ്റ് വെയർ ഉപയോഗിക്കാവുന്നതാണ്.

7) പ്രവൃത്തികൾക്ക് ഡിസംബർ 20-ഓടെ ഭരണാനുമതി നൽകേണ്ടതും ഡിസംബർ 31-ഓടെ സാങ്കേതികാനുമതി നൽകേണ്ടതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഫെബ്രുവരി 15-ഓടെ പ്രവൃത്തികൾ ആരംഭിച്ച് ഏപ്രിൽ അവസാനത്തോടെ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുമാണ്.

8) ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട എഞ്ചിനീയർമാർ detailed estimate തയ്യാറാക്കേണ്ടതും, GO(P)No 111/2019/Fin Dated: 21.08.2019 പ്രകാരം അധികാരമുള്ള ഉദ്യോഗസ്ഥരിൽ നിന്നും സാങ്കേതികാനുമതി വാങ്ങി ടെണ്ടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

9) ഈ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾക്ക് GO(P)No 161/2019/Fin Dated: 25.11.2019 പ്രകാരമുള്ള defect liability period പൊതുവിൽ ബാധകമായിരിക്കുന്നതാണ്. എങ്കിലും, എല്ലാ പ്രവർത്തികൾക്കും defect liability period കുറഞ്ഞത് 2 വർഷമായി കണക്കാക്കേണ്ടതും, ടി നിബന്ധന ടെണ്ടർ ഡോക്യുമന്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

10) പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ഒരു ജില്ലാതല സാങ്കേതിക സമിതി നിർവഹിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയിൽ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഒരു external technical expert, പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെടുന്നതാണ്. External technical expert തെരഞ്ഞെടുക്കുന്നതിനായി താത്പര്യമുള്ള, വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനിയർമാർ, എക്സ്ിക്യൂട്ടിവ് എഞ്ചിനീയർമാർ (3 വർഷം ടി തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർ) എന്നിവരുടെ ഒരു പാനൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ രൂപീകരിക്കേണ്ടതാണ്. പാനലിൽ ഉൾപ്പെടുന്ന external technical expert മാർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറിൽ നിന്നും നിയമന ഉത്തരവ് കൈപ്പറ്റി കരാറിലേർപ്പെടേണ്ടതാണ്. 25 ലക്ഷം രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ഒരു ജില്ലയിലെ 25% പ്രവൃത്തികൾ (software മുഖേന Random selection) ക്വാളിറ്റി മോണിറ്ററിംഗ്- ന് വിധേയമാക്കേണ്ടതും, 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും ക്വാളിറ്റി മോണിറ്ററിംഗ് -ന് വിധേയമാക്കേണ്ടതുമാണ്. പ്രവൃത്തികൾ പുരോഗമിക്കുന്ന വേളയിലും, പൂർത്തീകരണ വേളയിലും പരിശോധനകൾ നടത്തേണ്ടതാണ്. ഒരു മാസത്തിലെ അവസാന ദിവസത്തിനുള്ളിൽ പൂർത്തീകരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രവൃത്തികൾ തൊട്ടടുത്ത മാസത്തിൽ പരിശോധന ചെയ്ത് 10 ദിവസത്തിനുള്ളിൽ റിപ്പോർട്ട് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്

11) പ്രവൃത്തിയുടെ ബില്ലുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർമാർ പാസ്സാക്കേണ്ടതാണ്. പാസാകുന്ന ബിൽ തുകയ്ക്കുള്ള റിക്വിസിഷൻ ബിൽ തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, ചീഫ് എഞ്ചിനീയർ തുക ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് കൈമാറേണ്ടതുമാണ് . റിക്വസിഷൻ അല്ലാതെ വേറെ യാതൊരുവിധ രേഖകളും ചീഫ് എഞ്ചിനീയർക്ക് നൽകേണ്ടതില്ല. പ്രവൃത്തികളുടെ റിക്വസിഷൻ പ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള മുഴുവൻ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ചീഫ് എഞ്ചിനീയറിൽ മാത്രം നിക്ഷിപ്തമായിരിക്കും.

12) ഈ പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദനീയമല്ല.

13)ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭരണാനുമതി തുക ഭാവിയിൽ വർധിപ്പിച്ച് നൽകുന്നതല്ല.

14) ടി പദ്ധതിയുടെ കീഴിൽവരുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഉയർന്ന തുകക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതല്ല എന്നതിനാൽ കൃത്യമായ എസ്റ്റിമേറ്റാണ് തയ്യാറാക്കുന്നത് എന്ന് ബന്ധപ്പെട്ട എഞ്ചിനിയർമാർ ഉറപ്പ് വരുത്തേണ്ടതാണ്. .

15) ടി പ്രവൃത്തിയുടെ ചെലവുകൾ 4515-00-800-89-Maintenance of Roads under LSGD എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

16) ടി പ്രവൃത്തിയുടെ ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ബാധകമായിരിക്കുന്നതല്ല.

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 29-11-2024 13:08:53

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തീയതി: 29-11-2024

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ

പകർപ്പ്
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശസ്വയംഭരണം, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫിസർ ഓൺ ഡ്യൂട്ടിക്ക്
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്